ഉത്തരം

(എ-ഇ) ഇതു സംബന്ധിച്ച് രണ്ടു പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രതികളായ 6 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. കേസ് അന്വേഷണം പോലീസ് ഊർജ്ജിതമായി നടത്തിവരികയാണ്.

നാദാപുരം നിയോജകമണ്ഡലത്തിൽ നടന്ന സംഘട്ടനങ്ങൾ

141 (142) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ 2001 ജനുവരിയിൽ നടന്ന സംഘട്ടനങ്ങൾക്കും അക്രമ സംഭവങ്ങൾക്കും ഉത്തരവാദി ആർ.എസ്.എസ്. ഉം എൻ.ഡി.എ. യും ആണോ ;

(ബി) ആണെങ്കിൽ പ്രസ്തുത അക്രമ സംഭവങ്ങൾ വർഗ്ഗീയ സംഘട്ടനങ്ങളായിരുന്നുവോ ;

(സി) അല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

(ഡി) ഈ സംഭവങ്ങളോടനുബന്ധിച്ച് ഏതെല്ലാം ആർ.എസ്.എസ്. കാരേയും എൻ. ഡി. എ. കാരേയും അറസ്റ്റു ചെയ്തിട്ടുണ്ട് ;

(ഇ) എത്ര ആർ.എസ്.എസ്-എൻ.ഡി.എ. പ്രവർത്തകരുടെ പേരിൽ കേസെടുത്തിട്ടുണ്ട് ?

ഉത്തരം

(എ) കേസന്വേഷണം നടന്നു വരികയാണ്.

(ബി) അക്രമസംഭവങ്ങൾ രാഷ്ട്രീയ സംഘട്ടനങ്ങളായിരുന്നു.

(സി) ഉദിക്കുന്നില്ല.

(ഡി) കേസന്വേഷണം നടന്നു വരികയാണ്. ഇതിനകം എൻ.ഡി.എ. ക്കാരായ ഇബ്രാഹിം, മുഹമ്മദ് അബ്ദുൾ ഖാദർ, അബ്ദുള്ള, അബ്ദുൾ സലാം, ജഷീർ എന്നിവരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ഇ) കേസ് അന്വേഷണം നടന്നുവരികയാണ്.

വിദ്യാസാഗറിന്റെ കൊലപാതകം

142 (143) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മതിലകത്തെ ബി.ജെ.പി. പ്രവർത്തകനായ വിദ്യാസാഗറിന്റെ കൊലപാതകം സംബന്ധിച്ച കേസിലെ ചില പ്രതികളെ ഒഴിവാക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനെ സ്വാധീനിച്ചകാര്യത്തെപ്പറ്റി അന്വേഷിക്കണമെന്ന് പ്രസ്തുത കേസിന്റെ വിധിയിൽ പറഞ്ഞിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആരെയെല്ലാം ഒഴിവാക്കുന്നതിന് വേണ്ടിയാണ് സ്വാധീനം ഉപയോഗിച്ചത് ;

(സി) ആരെല്ലാമാണ് ഈ കേസിലെ പ്രതികളെ ഒഴിവാക്കാൻ സ്വാധീനം പ്രയോഗിച്ചത് ;

(ഡി) കോടതിയുടെ പ്രസ്തുത ഉത്തരവു സംബന്ധിച്ച് അന്വേഷണം നടത്തിയോ ; എങ്കിൽ ആരാണ് അന്വേഷണം നടത്തിയത് ;

(ഇ) അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് പറയാമോ ?

ഉത്തരം

(എ) പ്രസ്തുത സംഭവം സംബന്ധിച്ച് മതിലകം പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 196/96 കേസിൽ തൃശൂർ സെഷൻസ് കോടതി ശിക്ഷാവിധി പ്രസ്താവിച്ചിട്ടുള്ളതാണ്. വിധിയുടെ പകർപ്പ് ഇതുവരെയും ലഭിച്ചിട്ടില്ലാത്തതിനാൽ കോടതി വിധിയിൽ എന്താണ് പറഞ്ഞിരിക്കുന്നത് എന്നു അറിവായിട്ടില്ല.

(ബി-ഇ) 'എ' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സമരം ചെയ്യാതിരുന്ന ജീവനക്കാർക്ക് മർദ്ദനമേറ്റ സംഭവം

143 (144) ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി 10-ാം തീയതി ഗവ. സെക്രട്ടേറിയറ്റിൽ സമരം ചെയ്യാതിരുന്ന ജീവനക്കാർക്ക് മർദ്ദനമേറ്റ സംഭവത്തിൽ ആരുടെയെല്ലാം മേൽ കേസ് എടുത്തിട്ടുണ്ട് ;

(ബി) അവർ മർദ്ദനമേറ്റവരാണോ ; മർദ്ദനമേറ്റവരുടെ മേൽ കേസെടുത്തത് എന്തുകൊണ്ടാണ് ;

(സി) മർദ്ദനമേറ്റവരുടെ മേൽ ആരോപിച്ചിരിക്കുന്ന കുറ്റമെന്താണ് ?

(ഡി) ഇവരുടെ പേരിൽ ജാമ്യം കിട്ടാത്ത വകുപ്പുകൾ ചേർത്ത് കേസെടുത്തിട്ടുണ്ടോ ; എങ്കിൽ അതിനുള്ള വിശദീകരണമെന്താണ് :

(ഇ) അവർ നൽകിയ ജാമ്യാപേക്ഷ കോടതി അംഗീകരിച്ചുവോ ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച കോടതി ഉത്തരവിന്റെ വിശദവിവരം നൽകുമോ ;

(ജി) സെക്രട്ടേറിയേറ്റ് ജീവനക്കാരെ മർദ്ദിച്ചവരുടെ മേൽ കേസ് എടുത്തുവോ ;

LIBRARY ARCHIVES Kerala Legislative Assembly